(ഡി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 17-12-2014 മുതൽ 16-12-2015 വരെയാണ്. യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതിക്കാവശ്യമായ തുക 2015-16 സാമ്പത്തിക വർഷത്തിൽ 2405-00-800-82(P), 2405-00-103-78(P), 2405-00-800-50(P) എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്.

എൽ.ഐ.സി.യുമായി സഹകരിച്ച് നടപ്പിലാക്കുന്ന ആം ആദ്മി ബീമ യോജന പദ്ധതിയുടെ കാലാവധി 11-4-2015 മുതൽ 10-4-2016 വരെയുണ്ട്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികൾ

1 (2815) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂൺ 2 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര ജില്ലകളിലാണ് രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികൾ നടത്തിയെന്നും ഓരോ കേന്ദ്രത്തിലും എത്ര പരാതികൾ വീതമാണ് ലഭിച്ചതെന്നും ലഭിച്ച പരാതികളിൽ എത്രയെണ്ണം വീതം തീർപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര തുക വീതം സാമ്പത്തിക സഹായമായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുവരെ പൂർത്തിയാക്കിയ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനും സുരക്ഷ ഒരുക്കുന്നതിനുമായി ഓരോ കേന്ദ്രങ്ങളിലും എത്ര പോലീസ് ഉദ്യോഗസ്ഥരുടെ വീതം സേവനമാണ് ഏർപ്പെടുത്തിയിരുന്നതെന്നും ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണ് ചുമതല നൽകിയിരുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് നടത്തിയ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികളിൽ ഓരോ കേന്ദ്രങ്ങളിലും പന്തൽ, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവുകൾക്കായി എത്ര തുക വീതം ഓരോ ജില്ലകളിലും ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യനടത്തിപ്പ് ചുമതല ഏത് വകുപ്പിനായിരുന്നു നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി സംസ്ഥാനത്തെ 14 ജില്ലകളിലും നടത്തിയിട്ടുണ്ട്. ഓരോ ജില്ലയിലും ലഭിച്ച പരാതികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജനസമ്പർക്ക പരിപാടികളിൽ സിറ്റി പോലീസ് കമ്മീഷണർ ജില്ലാപോലീസ് മേധാവി, റൂറൽ എസ്.പി. എന്നിവരുടെ നേതൃത്വത്തിൽ AC/DySP, CI, WCI, SI/ASI, WSI, CPO/WCPO തുടങ്ങിയ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ആവശ്യാനുസരണം ഏർപ്പെടുത്തിയിരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യനടത്തിപ്പ് ചുമതല റവന്യൂ വകുപ്പിനായിരുന്നു.

ഇൻസർവ്വീസ് ട്രെയിനിംഗ്

2 (2816) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന് അഡ്മിനിസ്ട്രേഷൻ സമയം മുതൽ വിവിധ ഘട്ടങ്ങളിൽ എല്ലാവർക്കും ഇൻ സർവ്വീസ് ട്രെയിനിംഗ് നൽകുന്നതിന് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സർക്കാർ പൊതുമേഖലകളിലെ സേവനം കാര്യക്ഷമമാക്കുന്നതിന് ഒരു പുതിയ ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുവാൻ നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.